സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ബഞ്ചുകളുടെ രൂപീകരണം

5 (1528) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന് എത്ര ബഞ്ചുകൾ രൂപീകരിച്ചിട്ടുണ്ടെന്നും അവ എവിടെയൊക്കെയാണെന്നും വെളിപ്പെടുത്തുമോ ;

(സി) ഇവയിൽ കേസ് ഫയൽ ചെയ്യാനാകുന്ന ബഞ്ചുകൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) മലബാർ മേഖലയിൽ ബഞ്ച് സ്ഥാപിക്കാത്തതിന് പ്രത്യേകിച്ച് എന്തെങ്കിലും കാരണമുണ്ടോ ; എങ്കിൽ വെളിപ്പെടുത്തുമോ ;

(ഇ) മലബാർ മേഖലയിൽ ബഞ്ചിന്റെ അഭാവം ഈ മേഖലയിലെ ജീവനക്കാർക്ക് ഉണ്ടാക്കാവുന്ന ബുദ്ധിമുട്ടുകൾ പരിഗണനയ്ക്കെടുത്തിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(എഫ്) ആയത് പരിഗണിച്ച് മലബാർ മേഖലയിൽ കോഴിക്കോട് ആസ്ഥാനമാക്കി സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ കേസ് ഫയൽ ചെയ്യാനാകുന്ന ഒരു ബഞ്ച് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന് തിരുവനന്തപുരത്ത് രണ്ടും എറണാകുളത്ത് ഒരു ബഞ്ചും ഉൾപ്പെടെ മൂന്ന് ബഞ്ചുകൾ സ്ഥാപിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

(സി) തിരുവനന്തപുരത്തുള്ള പ്രിൻസിപ്പൽ ബഞ്ചിലാണ് കേസ് ഫയൽ ചെയ്യാനാകുന്നത്.

(ഡി-എഫ്) പ്രത്യേകിച്ച് കാരണമൊന്നും ഇല്ല. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന് സംസ്ഥാന തലസ്ഥാനം എന്ന നിലയിൽ തിരുവനന്തപുരത്ത് രണ്ടും ഹൈക്കോടതി ആസ്ഥാനമെന്നനിലയിൽ എറണാകുളത്ത് ഒരു ബഞ്ചും സ്ഥാപിക്കാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. കോഴിക്കോട് ആസ്ഥാന മായി ഒരു ബഞ്ചുകൂടി സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly